Malayala Manorama
മലയാള മനോരമ

# ഗ്രീൻ സ്കിൽ ഡവലപ്മെന്റ് പരിപാടികൾ തുടങ്ങി

കോയമ്പത്തൂർ ● ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ്ങിലെ എൻവിസ് കേന്ദ്രത്തിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മൂന്ന് ഗ്രീൻ സ്കിൽ ഡവലപ്മെന്റ് പരിപാടികൾ തുടങ്ങി. ഡയറക്ടർ പി. കുഞ്ഞിക്കണ്ണൻ ഉദ്ഘാടനം ചെയ്തു .നഴ്സറി പരിപാലനം, കീട രോഗ ബാധ നിയന്ത്രണം,ടിഷ്യു കൾച്ചർ, എന്നിവയിലാണ് പരിശീലനം. തൊഴിൽരഹിതർക്ക് സ്വയം തൊഴിൽ കണ്ടെത്താൻ സഹായകമാകും വിധമാണ് കോഴ്സുകൾ വിഭാവനം ചെയ്തിരിക്കുന്നത്.

എൻവിസ് കോ ഓർഡിനേറ്റർ ഡോ. കണ്ണൻവാരിയരാണ് പരിശീലന മേധാവി. ചീഫ് സയന്റിസ്റ്റ് ഡോ.ജോൺ പ്രശാന്ത് ജേക്കബ്, സീനിയർ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ.രേഖ വാരിയർ എന്നിവർ മേൽനോട്ടം നടത്തുന്നു.

വിവിധ സംസ്ഥാനങ്ങളിൽ നിന്ന് 50 പേർ പങ്കെടുക്കുന്നുണ്ട്. പരിശീലനം പൂർത്തിയാക്കുന്നവർക്ക് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം സർട്ടിഫിക്കറ്റുകൾ നൽകും.

266. News in Manorama, 25.02.2021, Palakkad, Inauguration of Green Skill Development Programmes by IFGTB ENVIS.